ബിവറേജസ് കോർപ്പറേഷൻ വാങ്ങിയ മദ്യം

814. [1007] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ മദ്യം വാങ്ങിച്ചു ;

(ബി) ആറു മാസത്തിൽ കൂടുതൽ കാലം വില്ക്കാതെ സ്റ്റോക്കുള്ള എത്ര ഇനം മദ്യം ഈ കോർപ്പറേഷനിലുണ്ട് ?

ഉത്തരം

(എ) 45.02 കോടി രൂപയുടെ.

(ബി) 15 ഇനം ഇൻഡ്യൻ നിർമ്മിത വിദേശ മദ്യവും 5 ഇനം ബിയറും ഉണ്ട്.

അബ്കാരി കോൺട്രാക്ടർമാർക്ക് കിസ്ത് ഇളവ്

815 [1008] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അബ്കാരി കോൺട്രാക്ടർമാർക്ക് കിസ്ത് ഇളവ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേർക്ക് ; എത്ര രൂപ വീതം ;

(സി) ഓരോ വർഷത്തെയും കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വ്യാജവാറ് കേസുകൾ

816 [1009] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ സംസ്ഥാനത്ത് വ്യാജവാറ് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ബി) എത്ര പ്രതികളെ ശിക്ഷിച്ചു ?

ഉത്തരം

(എ) 72,168 കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) 25,414 പ്രതികളെ ശിക്ഷിച്ചു.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ചീഫ് ഓഫീസ്

817 [1010] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ചീഫ് ഓഫീസ് ഇപ്പോൾ എത്ര സ്ഥലത്തായിട്ടാണ് പ്രവർത്തിക്കുന്നത് ;

(ബി) ചീഫ് ഓഫീസ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 1986 സെപ്തംബർ 30 വരെ വാടകയിനത്തിൽ എത്ര തുക ചെലവായി ;

(സി) വാടക കെട്ടിടത്തിന് അഡ്വാൻസ് കൊടുത്തിരുന്നുവോ ; എങ്കിൽ അത് എത്രയായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly